ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ):

(എ) ഇല്ല.

(ബി) ഇല്ല.

(സി) ഉദിക്കുന്നില്ല.

പട്ടുനൂൽപ്പുഴു കർഷകർക്ക് ക്ഷേമ പദ്ധതികൾ

*8 [420] ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എൻ. ഡി. അപ്പച്ചൻ:
,, ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സെറികൾച്ചർ സൊസൈറ്റികളും എത്ര സെറികൾച്ചർ കർഷകരും ഉണ്ടെന്നു വെളിപ്പെടുത്താമോ;

(ബി) സെറികൾച്ചർ സൊസൈറ്റികൾക്കും പട്ടുനൂൽപ്പുഴു കർഷകർക്കും എന്തെല്ലാം സഹായങ്ങളാണ് ഗവൺമെന്റിൽനിന്നും ചെയ്തുവരുന്നതെന്ന് പറയാമോ;

(സി) പട്ടുനൂൽപ്പുഴു കർഷകരുടെ ക്ഷേമത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്):

(എ) സംസ്ഥാനത്ത് സെറിഫെഡിന്റെ അംഗങ്ങളായി 5 താലൂക്ക്തല സെറികൾച്ചർ സൊസൈറ്റികൾ നിലവിലുണ്ട്. കേരളത്തിൽ ഇപ്പോൾ 3975 സെറികൾച്ചർ കർഷകർ ഉണ്ട്.

(ബി) സെറിഫെഡിലെ അംഗങ്ങളായ സെറികൾച്ചർ സൊസൈറ്റികൾക്ക് മാനേജീരിയിൽ ഗ്രാന്റിന് അർഹതയുണ്ട്. ഇവയിൽ രണ്ടു സൊസൈറ്റികൾ ഈ ഗ്രാന്റ് വാങ്ങിയിട്ടുണ്ട്. സെറികൾച്ചർ സൊസൈറ്റികളിലെ അംഗങ്ങളായിട്ടുള്ള എല്ലാ കർഷകർക്കും സെറിഫെഡ് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. പട്ടു വസ്ത്രനെയ്ത്തും വിപണനവുമായി ബന്ധപ്പെട്ട പ്രോജക്റ്റുകളും സെറികൾച്ചർ സൊസൈറ്റി മുഖാന്തിരം നടപ്പിലാക്കിവരുന്നു. സെറിഫെഡിൽ അഫിലിയേറ്റ് ചെയ്തു പ്രവർത്തിക്കുന്ന താലൂക്ക് സെറികൾച്ചർ സഹകരണസംഘങ്ങളിലെ കർഷകർക്കും ഇതര കർഷകർക്കും സെറിഫെഡിന്റെയും കേന്ദ്ര സിൽക്ക് ബോർഡിന്റെയും സഹകരണത്തോടെ താഴെപ്പറയുന്ന സഹായങ്ങൾ ലഭ്യമാണ്.

സൗജന്യ മൾബറി വിത്തുകമ്പ് തൈ വിതരണം, പട്ടുനൂൽപ്പുഴു വളർത്തുപകരണങ്ങൾക്കുള്ള സബ്സിഡി, പുഴു വളർത്തുപുര നിർമ്മാണ സബ്സിഡി, അണുനശീകരണവസ്തുക്കൾക്കുള്ള സബ്സിഡി എന്നിവയ്ക്കുപുറമേ കർഷകർക്ക് ഒരു മാസത്തെ പ്രായോഗിക പരിശീലനം, കൊക്കൂണിന് താങ്ങുവില, ഇൻസെന്റീവ് എന്നിവയും ലഭ്യമാണ്.

(സി) പട്ടുനൂൽപ്പുഴു കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly